For Private Circulation Only

October 2023

ആഗമനാമൃതം

HOLY BIBLE

Vol.70 | "വിശുദ്ധാലങ്കാരം ധരിച്ചു യഹോവയെ നമസ്ക്കരിപ്പിൻ" (സങ്കീ. 29:2) | No.10

ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെട്ടു

By Kim Butts

"പരിശുദ്ധനായ ദൈവത്തെക്കുറിച്ചുള്ള അറിവ് ഞങ്ങളെ വിശുദ്ധീകരിക്കുന്നു, മറ്റൊന്നിനാലും സാദ്ധ്യമല്ല. ദൈവത്തെക്കുറിച്ചുള്ള ആ അറിവ് ഞങ്ങൾക്ക് എങ്ങനെയാണ് ലഭിക്കുന്നത്, രഹസ്യമായുള്ള പ്രാർത്ഥനയിലൂടെ അല്ലേ? ദൈവത്തിന്റെ വിശുദ്ധി നമ്മിൽ പ്രകാശിക്കുവാൻ വേണ്ടി നാം ദൈവത്തെ അനുവദിക്കുന്നില്ല എങ്കിൽ അത് അസാദ്ധ്യമാണ്".

എപ്പോഴെല്ലാം ദൈവത്തിന്റെ ദാസായ മോശെ ദൈവസന്നിധിയിലേക്ക് പ്രവേശിച്ചുവോ അപ്പോഴെല്ലാം തന്റെ മുഖം പ്രകാശിച്ചു. "അവൻ തന്നോട് അരുളിചെയ്തത് നിമിത്തം തന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു എന്ന് മോശെ സാക്ഷ്യത്തിന്റെ പലക രണ്ടും കയ്യിൽ പിടിച്ചുകൊണ്ട് സീനായി പർവ്വതത്തിൽ നിന്നും ഇറങ്ങുമ്പോൾ അറിഞ്ഞില്ല" (പുറ. 34:29). പരിശുദ്ധനായ ദൈവത്തിന്റെ സാന്നിദ്ധ്യം തന്റെ പ്രത്യക്ഷതയിൽ രൂപാന്തരം വരുത്തി.

അതുപോലെ, ഞങ്ങളുടെ രഹസ്യ പ്രാർത്ഥനയിൽ ഞങ്ങൾ രൂപാന്തരം അനുഭവിച്ചിട്ട് അവന്റെ വിശുദ്ധ ശിഷ്യന്മാരുടെ മുമ്പാകെ ഞങ്ങളുടെ മുഖം പ്രകാശിക്കുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരിക്കുന്നത് ഞങ്ങളെ വ്യത്യസ്തരാക്കുന്നു. എത്രത്തോളം ദൈവത്തോടുകൂടെ ഞങ്ങളുടെ സമയം ചെലവഴിക്കുന്നുവോ അത്രത്തോളം ഞങ്ങളുടെ ഹൃദയത്തെ പുതുക്കി ഞങ്ങളെ മറ്റുള്ളവർക്ക് യേശുവിനെ വെളിപ്പെടുത്തി കൊടുക്കുവാൻ സഹായിക്കുന്നു. ഇപ്രകാരമുള്ള ആന്തരിക യാത്രയെ വിശുദ്ധീകരണം എന്നു പറയുന്നു. പരിശുദ്ധാത്മാവിന്റെ നിയന്ത്രണമോ സഹായമോ ഇല്ലാതെ ഞങ്ങൾക്ക് സ്വയമായി ഇത് ചെയ്യുവാനോ പൂർത്തീരിക്കുവാനോ സാദ്ധ്യമല്ല.

സകലവും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു, "എന്നാൽ ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലത്; സ്തോത്രത്തോടെ അനുഭവിക്കുന്നു എങ്കിൽ ഒന്നും വർജ്ജിക്കേണ്ടതല്ല; ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലോ" (1തിമൊ. 4:4,5).

ഉല്പത്തി 1-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു, നമ്മുടെ സ്നേഹവാനായ സൃഷ്ടിതാവ് പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചത് എന്ന് ദൈവം കണ്ടു. എങ്കിൽ പോലും നാം പാപികളായിത്തീർന്നു, നമുക്കു ഒരു വിശുദ്ധീകരണത്തിന്റെ പ്രവൃത്തി ആവശ്യമായി വന്നു. പരിശുദ്ധാത്മാവിന്റെ സഹായത്താലും സഹകരണത്താലും ആ പ്രവൃത്തി നമ്മിൽ നടന്നു, അവിടുന്ന് വിശുദ്ധൻ ആയിരിക്കുന്നത് പോലെ നാം വിശുദ്ധരാകേണ്ടതിന് തന്നെ!

സകലവും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു, ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു, ഇത് ഒരു പ്രായോഗിക വശവും ദൈവത്തോടുള്ള പ്രാർത്ഥനയിൽ ജീവിതവുമാണ്.

വിശുദ്ധീകരണത്തെ സംബന്ധിച്ച് ചില തിരുവചന ഭാഗങ്ങൾ വേദപുസ്തകത്തിൽ ലഭ്യമാണ്. ഈ രൂപാന്തരത്തിനും വിശുദ്ധ ജീവനത്തിനും വേണ്ടി ദൈവത്തിന്റെ പരിശുദ്ധാത്മാവു നമ്മെ സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ. വിശുദ്ധർ ആകേണ്ടതിനു നമ്മെ തെരഞ്ഞെടുത്തിരിക്കുന്നു. "നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനു അവൻ ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ അവനിൽ തെരഞ്ഞെടുക്കുകയും (എഫെ. 1:4). ലോകത്തിൽ വിശുദ്ധരായി ജീവിക്കുവാൻ നാം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു! ദൈവത്തിന്റെ ഹൃദയത്തിലെ എത്ര നല്ല ഉൾക്കാഴ്ച. മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പേ തന്നെ വിശുദ്ധരായിരിക്കുവാൻ നമ്മെ കണ്ടു.

പ്രാർത്ഥന: പിതാവേ, എത്ര നല്ല അത്ഭുതപ്പെടുത്തന്ന സത്യം! ലോകസ്ഥാപനത്തിനു മുമ്പേ വിശുദ്ധരും കളങ്കമില്ലാത്തവരുമായിരിക്കേണ്ടതിന് എന്നെ തിരഞ്ഞെടുത്തു. അവിടുന്ന് അവിടുത്തെ മക്കൾക്കു വേണ്ടി ചെയ്തിരിക്കുന്നു. ഈ ദാനത്തെക്കുറിച്ച് ബോധവാന്മാരല്ലാത്തതിനാൽ അവിടുത്തെ ഹൃദയത്തിന്റെ ദു:ഖം ഞാൻ അറിയുന്നു. അതിൽ ഞാനും ഉൾപ്പെട്ടിരിക്കുന്നു. അവിടുത്തെ രാജ്യത്തെയും അവിടുന്ന് ഞങ്ങൾക്കുവേണ്ടി ചെയ്തിരിക്കുന്ന ഈ പ്രവൃത്തികളെയുംകുറിച്ചു കൂടുതലായി അറിയുവാനും പഠിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. പരിശുദ്ധ ദൈവമേ ഞങ്ങളുടെമേൽ പ്രകാശിച്ച് ഞങ്ങളെ വിശുദ്ധീകരിക്കേണമേ. വിശുദ്ധരായിരിപ്പാൻ ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. "ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിനത്രേ വിളിച്ചത്" (1 തെസ്സ. 4:7). അവിടുന്ന് വിശുദ്ധിയിൽ ജീവിപ്പാൻ നമ്മെ തെരഞ്ഞെടുത്തു, അതിനായി അവിടുന്ന് നമ്മെ വിളിച്ച്. നമ്മുടെ വാക്കുകളിലൂടെ പ്രവർത്തികളിലൂടെ യേശുവിനെ വെളിപ്പെടുത്തുവാൻ വിശുദ്ധവഴിയിൽ നടക്കുവാൻ നമ്മെ തെരഞ്ഞെടുത്തു. അവിടുത്തെ വിളിക്ക് പ്രതികരിക്കുവാൻ തന്ന അവസരം എത്ര ശ്രേഷ്ടമാണ്.

പ്രാർത്ഥന: നീതിയുള്ള ദൈവമേ, ഞങ്ങളുടെ ലോകമോഹങ്ങളെയും പാങ്ങളെയും കുറിച്ച് ഇപ്പോൾ ഞങ്ങൾ ദു:ഖിച്ച് തിരുമുമ്പിൽ ഞങ്ങൾ കരയുന്നു. വിശുദ്ധരായിരിക്കുവാൻ ഞങ്ങളെ അവിടുന്ന് വിളിച്ചു, ഞങ്ങൾ അവിടുത്തെ അനുസരിക്കാതെ നിന്റെ ഉദ്ദേശങ്ങളെ വിട്ടുപോയി. നിന്റെ വിളിയെ അനുസരിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമേ! ഞങ്ങളുടമേൽ പ്രകാശിച്ചു. ഞങ്ങളെ വിശുദ്ധീകരിക്കേണമേ. നല്ല പരിശുദ്ധ ദൈവമേ!

ദൈവം പരിശുദ്ധനായിരിക്കയാൽ അവിടുത്തെ ആരാധിക്കുക: യഹോവയ്ക്ക് അവ

(ശേഷം 2-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെട്ടു

ന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ; വിശുദ്ധവസ്ത്രാലങ്കാരം ധരിച്ച് യഹോവയെ നമസ്ക്കരിപ്പിൻ (സങ്കീ. 29:2). നമ്മെ രൂപാന്തരപ്പെടുത്തുന്ന ദൈവപ്രവർത്തിയുടെ ആഴങ്ങളിലേക്ക് യാത്രചെയ്താൽ, ഒന്നാമതായി നമ്മുടെ പിതാവായ ദൈവത്തിന് മഹത്വം കൊടുക്കേണം വിശുദ്ധിയിൽ ദൈവത്തെ ആരാധിക്കേണം. ദൈവത്തിന്റെ വിശുദ്ധസാന്നിദ്ധ്യത്തിൽ നാം സമയം ചെലവഴിക്കാതെ നമ്മുടെ സ്വയത്തിൽ വിശുദ്ധിയിൽ ആരംഭിക്കുവാൻ സാദ്ധ്യമല്ല.

പ്രാർത്ഥന: പിതാവേ, ഞാൻ അങ്ങയുടെ ബലത്തിൽ ആശ്രയിക്കുന്നു. അവിടുന്ന് മാത്രം ആരാധനയക്ക് യോഗ്യൻ! നിന്റെ സാന്നിദ്ധ്യത്തിൽ എന്നെതന്നെ അർപ്പിക്കുവാൻ അവിടുത്തെ വിശുദ്ധിയിൽ എന്നെ രൂപാന്തരപ്പെടുത്തുവാൻ അവിടുന്ന് എന്നെ വിളിച്ചിരിക്കുന്നു. കർത്താവായ യേശുവിന്റെ സ്വഭാവം എന്നിൽ പ്രതിഫലിപ്പിക്കുവാൻ എന്നെ രൂപപ്പെടുത്തി വിശുദ്ധിയിൽ ഞാൻ വളരുവാൻ എന്നെ സഹായിക്കേണമേ. പരിശുദ്ധപിതാവേ, എന്നിൽ പ്രകാശിച്ച് എന്നെ വിശുദ്ധീകരിക്കേണമേ1

" അവിടുന്ന് വിശുദ്ധനായിരിക്കുന്നതുപോലെ വിശുദ്ധനായിരിപ്പിൻ; നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ളമക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ " (1പത്രൊ. 1:15,16). വിശുദ്ധി എന്നത് ഇഷ്ടാനുസരണമായുള്ള ഒരു തെരഞ്ഞെടുപ്പ് അല്ല. പിന്നെയോ വിശുദ്ധ തിരുവെഴുത്തുകളിലെ ഒരു കല്പനയാണ്. പ്രാർത്ഥന ഒരു ദൗത്യം എന്നതിലുപരി ഒരു ആഗ്രഹമായിരിക്കുമ്പോൾ നമുക്കു പൂർണ്ണമായി ഈ കല്പന അനുസരിക്കുവാൻ സാദ്ധ്യമല്ല. പ്രാർത്ഥന എന്നത് പരിശുദ്ധനായവനുമായുള്ള ഒരു ബന്ധമാണ്. അവൻ വിശുദ്ധൻ ആയിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്നത് അവിടുത്തെ ആഗ്രഹമാണ്. നാം ഈ ബന്ധം തള്ളിക്കളഞ്ഞാൽ നമുക്ക് വിശുദ്ധരായിരിപ്പിൻ എന്ന കല്പന അനുസരിപ്പാൻ കഴികയുമില്ല, ചെയ്യുന്ന കാര്യങ്ങൾ ഒന്നും തന്നെ വിശുദ്ധിയിൽ ചെയ്യുവാനും സാധ്യമല്ല.

പ്രാർത്ഥന: യിസ്രായേലിന്റെ പരിശുദ്ധനേ, ദൈവത്തെ ആഴമായി അറിയുവാനുള്ള എന്റെ ആഗ്രഹംപോലെ അവിടുന്നു അടിയനെ പൂർണ്ണമായി അറിയുമാറാകട്ടെ. എന്റെ പ്രാർത്ഥനകുറവ് എന്നോട് ക്ഷമിക്കുമാറാകട്ടെ. അങ്ങയുടെ മുഖം തേടാതെ തന്നെ എനിക്ക് വിശുദ്ധിയിലേയ്ക്ക് നടക്കുവാൻ കഴിയും എന്ന ചിന്തയും എന്നോട് ക്ഷമിക്കുമാറാകേണമേ. ഞാൻ വിശുദ്ധൻ ആയിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരാകുവിൻ എന്നതിന്റെ ശരിയായ അർത്ഥം അടിയനെ പഠിപ്പിക്കേണമേ. ഞങ്ങളുടെമേൽ പ്രകാശിച്ച് ഞങ്ങളെ വിശുദ്ധരാക്കേണമേ. പരിശുദ്ധദൈവമേ! അവിടുത്തെ വിശുദ്ധിയിൽ ഞങ്ങളെ ഓഹരിക്കാരാക്കേണമേ. " അവർ ശിക്ഷിച്ചത് കുറെക്കാലവും തങ്ങൾ ക്ക് ബോധിച്ച പ്രകാരവുമത്രേ; അവനോ, നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന് നമ്മുടെ ഗുണത്തിനായി തന്നേ ശിക്ഷിക്കുന്നത്. " ഏതു ശിക്ഷയും തല്ക്കാലം സന്തോഷകരമല്ല ദു:ഖകരമത്രേ എന്ന് തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനം ലഭിക്കും " (എബ്രാ. 12:10,11). വളരെയധികം ആളുകൾ കഷ്ടതയുടെയും പ്രയാസങ്ങളുടെയും വേളകളിൽ

(ശേഷം 7-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ. കർത്താവ് വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും" (ഫിലി. 4:4)

2023 സെപ്റ്റംബർ നമ്മെ വിട്ട് കടന്നു പോയി. ഒക്ടോബർ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു. നേരിടാമായിരുന്ന ആപത്തിൽ നിന്നും കർത്താവ് നമ്മെ കാത്തു സൂക്ഷിച്ചു.

നിങ്ങൾക്ക് സകലതും സമൃദ്ധിയായി ലഭിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. സമ്പത്ത് മാത്രമല്ല അതിനേക്കാൾ ശ്രേഷ്ഠമായത് നിങ്ങൾക്ക് നൽകാൻ നമ്മുടെ ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിൽ പ്രത്യാശവെയ്ക്കുക. നിങ്ങൾ ഭയപ്പെടേണ്ടതില്ല. നിങ്ങൾ ദൈവത്തെ അനുഗമിക്കുമ്പോൾ സകലതും തക്കസമയത്ത് വലിയ സമ്പത്ത് കൊയ്തെടുക്കും. ദൈവം എല്ലാ സമ്പത്തും തക്ക സമയത്ത് നിങ്ങൾക്കു നൽകും. ദൈവം തരുന്ന എല്ലാ അനുഗ്രഹങ്ങളും ആസ്വദിക്കുവാൻ നിങ്ങൾക്കു സാധിക്കും.

ഇന്നു തന്നേ നിങ്ങളുടെ ജീവിതം യേശുവിനായി സമർപ്പിക്കുക. ദൈവം നിങ്ങളെ കരങ്ങളിൽ വഹിക്കുകയും നൂറുമടങ്ങ് പ്രതിഫലം നൽകുകയും ചെയ്യും. ഈ എല്ലാ അനുഗ്രഹങ്ങളാൽ ദൈവം നിങ്ങളെ നിറയ്ക്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ആൻഡ്രൂസ്റ്റിറെറ്റ്: പൂർണ്ണ അനുസരണവും സമ്പൂർണ്ണ വിശുദ്ധീകരണവും

1902-ൽ സുഡാൻ ഇന്റീരിയർ മിഷന്റെ സ്ഥാപകനായി റോളൻഡ് ബിംഗം തന്റെ വീട്ടിലേക്ക് ആൻഡ്രൂ സ്റ്റിറെറ്റ് വിളിക്കപ്പെട്ടു. ബിംഗം എഴുതിയ ഒരു ലഘുലേഖയെക്കുറിച്ച് സംസാരിപ്പാൻ തനിക്ക് അവസരം ലഭിച്ചു. സുഡാനുവേണ്ടിയുള്ള ഒരു അപേക്ഷ എന്നതായിരുന്നു അതിന്റെ ഉള്ളടക്കം. തന്റെ ഹൃദയത്തെ അത് സ്പർശിക്കുവാനിടയായി.

സ്റ്റിറെറ്റ് ആ കാലത്ത് കാനഡയിലെ ഒരു അറിയപ്പെടുന്ന ബിസിനസ്കാരനായിരുന്നു. ഒരു ഫാർമസിസ്റ്റ് ആയിരുന്നു, മെഡിക്കൽ സ്റ്റോഴ്സ് പൂർത്തിയാക്കിയിരുന്നു, എന്നാൽ തന്റെ കോഴ്സ് സംബന്ധിച്ച് പ്രശ്നങ്ങളുണ്ടായിരുന്നതുകൊണ്ട് തന്റെ ഡിഗ്രികളൊന്നും തനിക്ക് ഉപയോഗപ്പെട്ടിരുന്നില്ല. എന്നിരുന്നാലും സുഡാനിലേയ്ക്ക് സുവിശേഷവുമായി പോകുവാൻ നിർബ്ബന്ധിതനായിരിക്കുന്നു എന്ന ബോദ്ധ്യം തന്നെ നിർബ്ബന്ധിക്കുന്നുയണ്ടായിരുന്നു. അദ്ദേഹം ബിംഗമിനോട് പറഞ്ഞു, ഞാൻ ആണ് പോകാൻ നീ ചിന്തിക്കുന്നുവെങ്കിൽ ഞാൻ നിന്നോട് ആവശ്യപ്പെടുന്നു എന്റെ വസ്തുതകളെല്ലാം വിൽക്കണം എന്ന്.

ഈ ശാന്തനായ അചഞ്ചലനായ ചെറിയ മനുഷ്യന്റെ കാര്യത്തിൽ ഇടപെടുവാൻ ബിംഗം നിർബ്ബന്ധിതനായിത്തീർന്നു. സുവിശേഷവേലയിൽ, മിഷൻ പ്രവർത്തനങ്ങളിൽ കൂടുതൽ പ്രയോജനമുള്ള ടോപിക്ക മെഡിസിൻ ബ്രിട്ടണിൽ പഠിക്കുവാൻ സ്റ്റീറെറ്റ് തീരുമാനിച്ചു.

" നീ എന്നെ തെരഞ്ഞെടുത്തു എന്നല്ല.... ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു".

അദ്ദേഹം ആപ്ലിക്കേഷൻ ഫാം പൂരിപ്പിച്ച് സുഡാൻ ഇന്റീരിയർ മിഷനിലേയ്ക്കയച്ചു ആപ്ലിക്കേഷൻ സ്വീകരിക്കപ്പെട്ട് ആ സമയം അദ്ദേഹത്തിന് 31 വയസ്സു പ്രായമുണ്ടായിരുന്നു. ഇത്രയും പ്രായമുള്ള ആളിനെ എടുക്കുന്നതിന് പ്രായോഗികവശത്തെകുറിച്ച് മറ്റു ചില മിഷൻ ബോർഡുകളുമായി കൂടിയാലോചന നടത്തി.

ആ സമയം, ഒരു ചെറിയ എഴുത്ത് ബിംഗമിന് അയച്ചു പറഞ്ഞത്, തന്റെ മരുന്ന് കടതാൻ വിറ്റു. എന്നാൽ തന്റെ വസ്തുവകകളും മറ്റും എല്ലാം മിഷന് കൊടുക്കുവാൻ ആഗ്രഹിക്കുന്നു എന്നും ലിവർപൂളിലേയ്ക്കുള്ള തന്റെ യാത്രയ്ക്കിടെ ട്രോപിക്കൽ മെഡിസിന്റെ ഒരു കോഴ്സ് ചെയ്യുവാൻ ആഗ്രഹിക്കുന്നു എന്നും അപേക്ഷിച്ചു. മൂന്നു മാസത്തെ ആ കോഴ്സ് തീരും മുമ്പെ കൗൺസിലിന്റെ തീരുമാനം അറിയിക്കണം എന്നും കൂട്ടിച്ചേർത്തു.

തന്റെ പഠനശേഷം തന്റെ ഭൗതികമായ എല്ലാ നന്മകളും അദ്ദേഹം മിഷനു കൈമാറി, സ്റ്റീറെറ്റ് തന്റെ ബോട്ട് ചാർജ്ജു പോലും കയ്യിൽ കരുതിയില്ല, എന്നാൽ ബോട്ടിൽ തന്റെ യാത്രയ്ക്കിടയിൽ ചില ജോലികൾ ബോട്ടിൽ ഏർപ്പെടുത്തി, കന്നുകാലികളെ കൊണ്ടുപോകുന്ന ഒരു ബോട്ടിലെ പ്രയാസമേറിയ ഒരു ജോലിയാണ് താൻ തെരഞ്ഞെടുത്തത്. അങ്ങനെ ആ യാത്ര ഭയാനകമായ ഒരു അനുഭവമായിരുന്നു.

കൗൺസിൽ യാതൊരു തീരിമാനവും എടുത്തിരുന്നില്ല. മറ്റു ചില മിഷൻ ബോഡുകളുമായും താൻ കൂടിയാലോചിച്ചു, അവരൊക്കെയും ഈ പ്രായത്തിലുള്ള ഒരാളെ സ്വീകരിക്കുന്നതിൽ വിമുഖതകാണിച്ചു. എന്നാൽ ഒരു മിഷൻ ഡോക്ടറെ അവർക്കത്യാവശ്യമായിരുന്നു. എന്നാൽ സുഡാൻ ഇന്റീരിയർ മിഷ്യനു ഈ വിഷയം തീരുമാനത്തിനു വിട്ടു.

സമ്പൂർണ്ണമായ സമർപ്പണം

ലിവർപൂൾ കമ്മിറ്റി തങ്ങളുടെ അന്വേഷണം ഉടനെ തന്നെ ആരംഭിച്ചു. സ്റ്റിറെറ്റ് തന്റെ യാത്ര, തന്റെ താമസം പാവപ്പെട്ടവരുടെയിടയിലാണ് എന്നത് അവരിൽ ഞെട്ടലുണ്ടാക്കി. താൻ ഇങ്ങനെ പാവപ്പെട്ടവരുടെയിടയിൽ താമസിക്കുവാൻ തെരഞ്ഞെടുത്തത് അവർ അറിഞ്ഞിരുന്നില്ല. ഓരോ ദിവസവും തുറന്ന ബൈബിളുമായി കർത്താവിനെ സാക്ഷിക്കുകയും തന്റെ അനുഭവങ്ങളിലൂടെ സാക്ഷിക്കുകയും പ്രാർത്ഥിക്കയും ചെയ്തു കൊണ്ടിരുന്നു. വളരെ താമസിച്ചും രാത്രികാലങ്ങളിൽ തെരുവുവിളക്കിന്റെ കീഴിൽ ബൈബിൾ വായിച്ചിരിക്കുന്നത് അവർ

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാം പേജിന്റെ തുടർച്ച)

സ്റ്റീറ്റ്: പൂർണ്ണ അനുസരണവും സമ്പൂർണ്ണ വിശുദ്ധീകരണവും

കണ്ടു. വീടില്ലാത്ത ഒരുവനു വേണ്ടി തന്റെ കിടക്ക കൊടുക്കുവാനിടയായി.

മൂന്നുമാസത്തിനുശേഷം ടൊറാന്റോ മിഷൻ കൗൺസിലിന് ഒരു എഴുത്തു എഴുതിയതെന്തെന്നാൽ താൻ ട്രോപിക്കൽ മെഡിസിൻ പഠനം പൂർത്തിയാക്കി, എന്നാൽ ഇതുവരെയും തന്നെ അംഗീകരിക്കാത്തത് എന്ത് എന്ന കാര്യത്തിൽ താൻ ആശ്ചര്യം പ്രകടിപ്പിക്കുകയും വരുന്ന ആഴ്ചകളിൽ വെസ്റ്റ് ആഫ്രിക്കയിലേക്ക് പോകുവാനായി ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. മിഷൻ സൂപ്രണ്ടിനോട് തന്നെ അംഗീകരിക്കാത്തതിനെക്കുറിച്ച് സംസാരിക്കയും ചെയ്തു.

കൗൺസിൽ സുപ്രണ്ട് തന്നെ താല്ക്കാലിക പ്രവർത്തകനായിരിപ്പാൻ നിയമിച്ചു. ആയിരക്കണക്കിന് ഡോളർ വിലയുള്ള തന്റെ സമ്പത്തുകളെ മിഷൻസിനു വേണ്ടി കൊടുത്തിട്ട് അംഗീകാരമില്ലാതെ തുടരുന്നത് പ്രയാസമായി തോന്നി. അവർ ഇങ്ങനെ അദ്ദേഹത്തിനെഴുതി, നിന്റെ വസ്തുവകകളിൽ നിന്നുള്ള വരുമാനം നിന്റെ പേർക്കു അയച്ചു തരാം എന്ന് പറഞ്ഞ് അദ്ദേഹം മിഷൻ വിടുവാൻ തീരുമാനിച്ചു.

എത്ര നിസാരമായി ആ വലിയ മനുഷ്യനെ പരിഗണിച്ചു എന്ന് കാണാം! മറുപടിയായി സ്റ്റീറ്റ് ഇങ്ങനെ എഴുതി, ബർന്നബാസ് എന്ന ഒരുവൻ നിലം വിറ്റ് പണം കൊണ്ട് വന്ന് അപ്പോസ്തലന്മാരുടെ കാൽക്കൽ വച്ചു, അതുപോലെ ഞാനും ചെയ്തു, എന്നാൽ വിശ്വാസത്താൽ ജീവിക്കുവാൻ മറ്റ് അനേകം മിഷ്യനറിമാരെപ്പോലെ ജീവിക്കുവാൻ അദ്ദേഹം തീരുമാനിച്ചു.

മിഷൻ ഫീൽഡിൽ നിന്നും ആദ്യമായി നാട്ടിലേക്ക് യാത്ര തിരിച്ചു. ആ കാലയളവിൽ തന്റെ ശേഷിച്ച സ്വത്തുക്കളും മിഷന്റെ പേരിൽ താൻ എഴുതി. തനിക്ക് ലഭിക്കുന്ന ചെറിയ അലവൻസിൽ നിന്നും ഫീൽ ഡിൽ വേല ചെയ്യുന്നവർക്കു വേണ്ടി അയച്ചുകൊടുത്തു.

ചെറിയ, പ്രയാസമേറിയ സമർപ്പണമുള്ള

ശാരീരികമായി സ്റ്റീറ്റ് ഒരു ചെറിയ മനുഷ്യനായിരുന്നു. ആത്മികമായി അവൻ ആത്മാക്കളെ നേടുവാൻ സമർപ്പിക്കപ്പെട്ടവനായിരുന്നു. സുവിശേഷം പ്രസംഗിക്കുക എന്നത് തന്റെ മാറ്റമില്ലാത്ത ഒരു സ്വാഭാവമായിരുന്നു. സാഹചര്യം നോക്കാതെ ദൈവവചനം മറ്റുള്ളവരോടു പറയുകയെന്നത് തന്റെ അടങ്ങാത്ത ആവേശമായിരുന്നു, വ്യാപാരികളുടെ ക്യാമ്പിൽ താൻ സ്ഥിരമായി സന്ദർശിക്കുമായിരുന്നു. തന്റെ ദയയും സ്നേഹത്തിന്റെ പ്രവർത്തികളും പതിവായിരുന്നു.

താൻ നാട്ടിലായിരുന്ന സമയം തന്റെ മെഡിക്കൽ കോഴ്സുകൾ താൻ പൂർത്തിയാക്കി നൈജീരിയയിലേക്ക് ഒരു ഡോക്ടറായി മടങ്ങിപ്പോയി. ഇപ്രാവശ്യം ഓട്സ് കൊണ്ട് കഞ്ഞിയുണ്ടാക്കി കുടിച്ചുകൊണ്ട് പ്രത്യേക വാഹനത്തിൽ സഞ്ചരിച്ച് 12 ആദിവാസികളുടെയിടയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു.

അതായിരുന്നു തന്റെ ഇഷ്ടവേല സുവിശേഷവുമായി അറിയപ്പെടാത്ത ആളുകളുടെ ഇടയിൽ പോവുക എന്നത്. എത്ര അർത്ഥവത്താണ്, ഇങ്ങനെയുള്ള ഗോത്രങ്ങളുടെയിടയിൽ സുവിശേഷവുമായി പോവുക എന്നത് താൻ വീണ്ടും എഴുതി, നിത്യ ജീവന്റെ വാതിൽ സകല ജാതികൾക്കും വേണ്ടി തുറന്നു വയ്ക്കുക.

അദ്ദേഹം ഒരു സാധാരണ ഡോക്ടർ ആയിരുന്നില്ല. ബ്രിട്ടീഷ് ഗവൺമെന്റ് അംഗീകാരം നൽകിയ ഒരു ഡോക്ടറായിരുന്നു. പടിഞ്ഞാറേ ആഫ്രിക്കരുടെ രോഗങ്ങളെക്കുറിച്ച് ആധികാരികമായ ഒരു പുസ്തകം എഴുതിയിട്ടുണ്ട്. സുഡാൻ ഇന്റീരിയർ മിഷന്റെ ഒട്ടേറെ ഡിസ്പൻസറികളുടെ നേതൃത്വം വഹിച്ചു, ഒട്ടനവധി മിഷ്യനറിമാരുടെ കുടുംബ ഡോക്ടറായിരുന്നു, കുട്ടികളുടെയും തന്റെ സ്വപ്നം ഡിസ്പെൻസറി സ്ഥാപിച്ച് മരുന്നുകൾ തയ്യാറാക്കി, മിഷൻ ക്ലിനിക്കുകൾക്കു വേണ്ടിയും മരുന്നുകൾ എത്തിച്ചുകൊടുത്തു.

സുവിശേഷം പ്രസംഗിക്കുവാനുള്ള ആവേശം

സ്റ്റീറ്റ് സുവിശേഷ പ്രസംഗിയും ഉത്തമ സാക്ഷിയുമായി അറിയപ്പെട്ടു. അദ്ദേഹം വലിയ ഒരു പ്രസംഗികനൊന്നും അല്ലായിരുന്നു. ലീഡർ ഗൈഡ്പ്പേ കണക്കുകൂട്ടുന്നത് ഇടവിടാതെ പ്രസംഗിക്കുന്ന ആളായിരുന്നു. ഞങ്ങളുടെ സാധാരണ കണക്കു കൂട്ടലിൽ 20000-ൽ കുറയാതെ പ്രസംഗങ്ങൾ ചെയ്തിട്ടുണ്ട്. ഒന്നര മില്യൻ ആളുകൾ കേട്ടിരിക്കാൻ സാദ്ധ്യതയുണ്ട്. 2000 പേർ ഇങ്ങനെയുള്ള വ്യക്തികളുണ്ടെങ്കിൽ ലോകത്തെ സുവിശേഷീകരിപ്പാൻ പര്യാപ്തമാണ്.

സ്റ്റീറ്റിന്റെ ജീവിതലക്ഷ്യം എന്നത് കർത്താവിന്റെ വരവിനെക്കുറിച്ച് പ്രസംഗിക്കുക എന്നതാണ്. " ഞാൻ ഒരു വിളിയും കേട്ടിട്ടില്ല ". താൻ പറഞ്ഞു. ദൈവവചനം വായിച്ചു അതിലെ ദൂതുകൾ സുവിശേഷം പ്രസംഗിക്കുവാൻ തന്നെ നിർബ്ബന്ധിച്ചു. വരിക! " അദ്ദേഹം യുവാക്കളെ വിളിച്ചു. കർത്താവു വേഗം വരുന്നു, നിങ്ങൾ വേഗത്തിൽ കർത്താവിനെ കാണും. നിങ്ങളുടെ കസേരയിൽ നിങ്ങൾ ഇരുന്നാൽ കർത്താവിനെ കാണാൻ കഴിയുമോ "?

ഹൗസാ ഗോത്രം ആയിരുന്നു ആദ്യം ക്രിസ്തുവിങ്കലേയ്ക്ക് വന്നവർ. അവരുടെ ഭാഷയിൽ ബൈബിൾ ഉണ്ടാകുക എന്നത് തന്റെ വലിയ സ്വപ്നമായിരുന്നു. അദ്ദേഹം അതിന്റെ തർജ്ജിമ കമ്മിറ്റിയുടെ പ്രധാന ഒരു വ്യക്തിയായിരുന്നു. തന്റെ ജീവിതത്തിന്റെ ഏറ്റവും വലിയ സന്തോഷമായിരുന്നു. 1932, ബ്രിട്ടീഷ് ബൈബിൾ സൊസൈറ്റി ഹൗസാ ബൈബിളിന്റെ തർജ്ജിമ പൂർത്തീകരിച്ച് അവരുടെ കരങ്ങളിൽ നൽകി.

വ്യക്തിപരമായി അച്ചടക്കവും കർക്കശവുമായി പാലിക്കുന്ന മനുഷ്യൻ എന്ന നിലയിൽ ദിവസേനയുള്ള തന്റെ ഇടപെടലുകളിലും അതുപോലെ കർക്കശനിലപാടുകളും തന്നെ പിൻതുടർന്നു. സൂര്യൻ ഉദിക്കുന്നതിനുമുമ്പു തന്നെ താൻ പ്രാർത്ഥനയ്ക്കായി മുട്ടിൻമേൽ നില്ക്കും, അതിരാവിലെ 3.45-ന് അദ്ദേഹം എഴുന്നേൽക്കും, ട്രക്കിൽ യാത്രയിൽ ആയിരുന്നാൽ പോലും കർത്താവുമായി സമയം ചെലവഴിക്കും. തന്റെ ആഫ്രിക്കൻ ജനതയ്ക്കു വേണ്ടി പ്രത്യേക ഉപവാസവും പ്രാർത്ഥനയും ഏർപ്പെടുത്തി.

ഒരു പെട്ടിയും ഒരു സൂട്ട്കേസുമായി അദ്ദേഹം നൈജീരിയയിൽ എത്തി, മിതവ്യയശീലം നിലനിർത്തി. സാധാരണ ഭക്ഷണം കഴിച്ചു. പഴവർഗ്ഗങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തി. അതിരാവിലെ നടക്കയും അദ്ദേഹം ശീലമാക്കി.

തനിച്ചുള്ള ഒരു ജീവിതമാണ് താൻ നയിച്ചത്. വീട്ടുകാര്യങ്ങളിലെല്ലാം കർക്കശമായി ക്രമീകരണങ്ങൾ ചെയ്തിരുന്നു. നാട്ടിലേക്ക് പോകുന്നതിൽ താൻ തീരെ കുറവുള്ളവൻ ആയിരുന്നു. 46 വർഷം അദ്ദേഹം ആഫ്രിക്കയിൽ ആയിരുന്നു.

തന്റെ അവസാനനാളുകളിൽ പോലും സ്റ്റീറ്റ് അത്യുത്സാഹിയായി കർത്താവിനു വേണ്ടി പ്രവർത്തിച്ചു. ഹൗസാ ഭാഷയിൽ പുനരവലോകനം നടത്തി തർജ്ജമകൾ നടത്തി. ചന്തസ്ഥലങ്ങളിൽ ദിനംതോറും മാറ്റമില്ലാത്ത വചനം പ്രസംഗിച്ചു. പ്രായം തന്നെ

(ശേഷം 8-ാംപേജിൽ)

"ഞാനല്ല എന്നിൽ ക്രിസ്തു"

By A B Simpson

"ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു" അതായത്, പാപത്തിന്റെ മരണം, മാത്രമല്ല, "ഞാൻ ജീവിക്കുന്നു "പുനരുത്ഥാനത്തിന്റെ ശക്തിയിലുള്ള ജീവിതം, "ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു" അത് സ്വയത്തിൽ നിന്നുള്ള വിടുതൽ, യേശുവീന്റെ പ്രായച്ഛിത്ത മരണം നമുക്കുവേണ്ടി. ഇത് പൂർത്തീകരിക്കപ്പെട്ട ഒരു പ്രായച്ഛിത്തമാണ്, അതിലെ വിശ്വാസത്താൽ ജീവിതം നിലനിൽക്കുന്നു, എന്നാൽ "ഇപ്പോൾ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത് ", അതായത് എനിക്ക് പകരമായി, എനിക്ക് പ്രായച്ഛിത്തമായിത്തീർന്ന ക്രിസ്തു (ഗലാ 2:20).

നിങ്ങൾക്കുവേണ്ടി മരിക്കുന്നു എങ്കിൽ യേശുവിന്റെ സ്നേഹത്തിൽ നിങ്ങൾ ആയി എന്നത് വ്യക്തിപരമായ ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ഇത് ക്രിസ്തുവിന്റെ സ്നേഹമല്ല. അനേകം ആളുകൾ ദൈവസ്നേഹം അനുഭവിക്കാറുണ്ട്. അപ്പോസ്തലന്മാർ സംസാരിക്കുന്നത് ശക്തിയിലാണ്. ക്രിസ്തു നമ്മിൽ വസിക്കുന്നത്, അവിടുന്ന് വലിയവനാണ്. ബലവാനും ശക്തമായ കരങ്ങളും ഉള്ള കർത്താവ് നമ്മുടെ ഹൃദയങ്ങളെ ശക്തീകരിക്കുന്നു, നമ്മെ ഉയർത്തുന്നു.

വാഴ്ത്തപ്പെട്ട ക്രിസ്തു! അവിടുന്ന് നമ്മുടെ പാപത്തിനോ, ദു:ഖത്തിനോ രോഗത്തിനോ മാത്രമല്ല, അവിടുന്ന് നിങ്ങൾക്കും എനിക്കും മതിയായവൻ ആണ്. നമ്മുടെ മുഴു ജീവിതത്തിനും അവിടുന്ന് മതിയായവൻ ആണ്, അവിടുന്ന് നമ്മിൽ വസിച്ചുകൊണ്ട് കഴിഞ്ഞ കാലങ്ങളിൽ നമ്മിൽ അധികാരം നടത്തിയിരുന്ന സകല അധികാരങ്ങളിൽ നിന്നും നമ്മെ സ്വതന്ത്രരാക്കുന്നു. എത്ര പോരാടി നില്പാൻ ശ്രമിക്കുന്നുവോ അത്രയ്ക്കും അവൻ നമ്മെ കതീഴാപ്പെടുത്തി പരാജയപ്പെടുത്തുവാൻ ശ്രമിക്കുന്നു. അതിൽ നിന്നും തിരിയുവാൻ നാം പരിശ്രമിച്ച് അവിടുത്തെ മുഖത്തേയ്ക്ക് കണ്ണുകളുയർത്തുമ്പോൾ അവിടുന്ന് തന്റെ എല്ലാ നിറവിനാലും നമ്മെ നിറച്ച് തന്റെ സാന്നിദ്ധ്യം കൊണ്ട് നമ്മെ അലങ്കരിക്കുന്നു. ദൈവത്തിൽ നമുക്ക് ആശ്രയിക്കാം.

ഇത് ഏകദേശം ഒരേ കാര്യം തന്നെയാണ്, എന്നാൽ മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പരിശുദ്ധാത്മാവിന്റെ സ്നാനവും പരിശുദ്ധാത്മാവിന്റെ അധിവാസവും നമ്മെ സ്വയത്തിന്റെ അധികാരത്തിൽ നിന്നും വിടുവിച്ചു കാക്കുന്നു. മഹത്വത്തിന്റെ മേഘം സമാഗമന കൂടാരത്തിൽ പ്രവേശിക്കുമ്പോൾ അവിടെ മോശെയ്ക്ക് പാർക്കുവാൻ പ്രത്യേക ഒരു മുറി അവിടെ ഉണ്ടായിരുന്നില്ല. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട് സ്വർഗ്ഗീയ സാന്നിദ്ധ്യം കൊണ്ട് നിറയുമ്പോൾ നാം ദൈവത്തിൽ ഇല്ലാതെയാവുന്നു, സ്വയം നമ്മിൽ നിന്നും മാഞ്ഞുപോകുന്നു, ഇയ്യോബിനെപ്പോലെ നാം പറയും, "ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവിമാത്രമേ കേട്ടിരുന്നുള്ളൂ; ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ ഞാൻ എന്നെ തന്നെ വെറുത്തു പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു" (ഇയോബ്. 42:5,6)

നമ്മുടെ ശരീരമായ ദൈവാലയത്തെ അവിടുത്തെ മുമ്പിൽ നിന്നു. അവിടുന്ന് അതിനെ നിറയ്ക്കട്ടെ, ദൈവാലയം അഗോചരമാണ്, എന്നാൽ മഹത്വമുള്ള പ്രകാശം, അത് പ്രകാശിക്കുക മാത്രമല്ല, അതിന്റെ ചുവരുകൾ സ്വച്ഛതയുള്ളതും കാണാൻ കഴിയാത്തതുമാണ്.

ഇത് പുതിയതല്ല, സന്ദർഭോചിതമായ ഒരു ചിന്ത, ദൈവത്തിന് യാഗമായി സമർപ്പിക്കപ്പെട്ടത്. ഇത് അർപ്പിക്കപ്പെട്ട ഒരു രക്ഷകൻ, തന്നെത്താൻ ഒഴിച്ചു, എന്നാൽ ദൈവത്താൽ ഉയർത്തപ്പെട്ടവൻ, എല്ലാ നാമത്തിലും മേലായ നാമം നൽകപ്പെട്ടവൻ, അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും മടങ്ങുകയും..." (ഫിലി.2:10). യിസ്ഹാക്ക് യാഗം അർപ്പിക്കപ്പെട്ടു, ദൈവത്തിന്റെ വാഗ്ദത്ത സന്തതി, യിസ്രായേൽ ഗോത്രങ്ങളുടെ പൂർവ്വപിതാവ്, മോറിയാമലയിൽ യിസ്ഹാക്ക് അർപ്പിക്കപ്പെട്ടു, അതിന്റെ ശേഷം ദൈവം തന്റെ മഹത്വമുള്ള ആലയത്തിലേക്ക് തിരിഞ്ഞു. യിസ്ഹാക്ക് യാഗപീഠത്തിന്റെ മുകളിൽ കിടക്കുമ്പോൾ, നമ്മുടെ സകല പ്രതീക്ഷകളും ദൈവത്തിൽ നമുക്കു നഷ്ടമായി. അതേ സമയം യഹോവയായ ദൈവം ആഴമേറിയ ഒരു ഫൗണ്ടേഷൻ ഇടുകയായിരുന്നു, സർവ്വത്തിനും അധികാരിയും മഹത്വവുമായ നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ ജീവനുള്ള ആലയത്തിന്റെ ചുമരുകൾ ഉയരുകയായിരുന്നു.

കഴിഞ്ഞ കാലങ്ങളെ നോക്കി പറഞ്ഞും തീരാത്ത സന്തോഷത്താൽ ആനന്ദിക്കുകയും, ഏകാന്തതയിലും ദു:ഖപൂർണ്ണമായ രാത്രികളിലും പലതിലും തെറ്റിപ്പോകുന്നു എങ്കിലും എല്ലാറ്റിൽ അപൂർണ്ണമായ അനുഭവം എങ്കിലും എന്റെ ഹൃദയം ഏകാഗ്രമാക്കി, മരണത്തെ അക്ഷരീകമായി അനുഭവിച്ചും പ്രഭാത നക്ഷത്രത്തിൻ മുമ്പാകെ ഞാൻ സമർപ്പിച്ചു പറയും,

"യേശുവേ, ഞാൻ എന്റെ ക്രൂശു വഹിച്ചുകൊണ്ട് എല്ലാം ഉപേക്ഷിച്ചു നിന്റെ പിന്നാലെ വരുന്നേ; ഉപേക്ഷിക്കപ്പെട്ടവനെ, അതി നിന്ദിതനേ, എല്ലാവരാലും വെറുക്കപ്പെട്ടവനേ, എനിക്കെല്ലാം അവിടുന്നു മാത്രം".

എനിക്കെല്ലാം അവിടുന്നു മാത്രം

എന്റെ ഹൃദയം ശാന്തമാക്കി കൊണ്ട്, ആ വൈഷമ്യഘട്ടത്തിന്റെ സന്തോഷത്താൽ, കർത്താവിന്റെ ദിവസത്തിന്റെ പ്രഭാതത്തിൽ ആ വരികൾ ഞാൻ ഹൃദയത്തിൽ നിന്നും പാടും. തന്റെ ആലയത്തിന്റെ മഹത്വവും നിറവുമായവനേ, നിന്റെ ഇഷ്ടം ഹേതുവായി എന്നെ വിളിച്ചവനേ നിന്റെ കഷ്ടതയുടെ നിമിഷങ്ങൾ അതിന്റെ അളവിലും നിറവിലും എന്റെ കുറിവാക്യമായി എടുത്തുംകൊണ്ട് ഏകാഗ്രമാക്കി ക്രൂശിക്കപ്പെട്ട ക്രിസ്തുവിനായി എന്നെ സമർപ്പിക്കുന്നു. അതെ, തന്റെ അതിസ,ന്തോഷത്തിൽ നിന്നും നമ്മെ പഠിപ്പിക്കട്ടെ, ആ സന്തോഷം പഠിച്ച് പറയട്ടേ, "എന്റെ പ്രിയൻ എനിക്കുള്ളവൻ അതുപോലെ ഞാൻ എന്റെ പ്രിയനുള്ളവൾ" (ഉത്ത. 6:3).

കർത്താവിന്റെ കഷ്ടതയിൽ പങ്കുകാരായിത്തീരുന്നതുവരെ,. തന്റെ സ്നേഹത്തിന്റെ പിടിയിൽ സ,മ്പൂർണ്ണമാകുന്നതുവരെ നമുക്കുവേണ്ടി ജീവിക്കുന്നതു മതിയാക്കുന്നതുവരെ നാം ഏതുമില്ല. എന്നാൽ അപ്പോൾ നാം അവിടുത്തെ എവിടെയും അനുഗമിക്കും. അവിടുത്തെയ്ക്കുവേണ്ടി നാം ക്ഷ്ടതസഹിക്കും. നാം പല കാര്യങ്ങളിലും അവിടുത്തോടൊപ്പം സഹിക്കും, അവിടുത്തെ പുഞ്ചിരി നമ്മുടെ സൂര്യ പ്രകാശമാണ്. തന്റെ സാന്നിദ്ധ്യം നമ്മുടെ സ്വർഗ്ഗമാണ്. നമുക്ക് അവിടുത്തെ കഷ്ടതയെക്കുറിച്ച് പറയാനോ ചിന്തിക്കാനോ കഴിയുകയില്ല, നമ്മുടെ ഹൃദയം അവനോടുകൂടെ സംതൃപ്തമായിരിക്കും. ❖

ദൈവം ഉപയോഗിക്കുന്ന മനുഷ്യൻ

By Samuel L Brengle

ദൈവം തന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുവാൻ ഒരു മനുഷ്യനെ അന്വേഷിക്കുന്നു, അവിടുന്ന് ഒരിക്കലും ചോദിക്കുന്നില്ല, " അവന് പ്രത്യേക കഴിവ് വല്ലതും ഉണ്ടോ? അവൻ നല്ല പാട്ടുകാരനാണോ? പ്രാർത്ഥനാവരമുള്ളവനാണോ? സംസാരിപ്പാൻ കഴിവുള്ളവനാണോ?

എന്നാൽ അവിടുന്ന് ചോദിക്കുന്നു, " അവന്റെ ഹൃദയം സമ്പൂർണ്ണമായി എന്നോട് കൂടെയിരിക്കുന്നുവോ? അവൻ വിശുദ്ധനായിരിക്കുന്നുവോ? സ്നേഹമുള്ളവനാണോ? കാഴ്ചപ്രകാരം നടക്കാതെ വിശ്വാസത്തിൽ നടക്കുന്നവനാണോ? അവൻ ധാരാളമായി എന്നെ സ്നേഹിക്കുന്നുവോ, ഞാൻ അവനെ സ്നേഹിക്കുന്നു എന്ന് ഒരു കൊച്ചു കുട്ടിയെപ്പോലെ എന്നിൽ ആശ്രയിപ്പാൻ കഴിയുമോ, എനിക്കു അവനെ ഉപയോഗിപ്പാൻ കഴിയും എന്ന് വിശ്വസിപ്പാൻ അവന് കഴിയുമോ?

" ഞാൻ എനിക്ക് ഉപയോഗമുള്ളവനാണോ എന്ന് അവനെ പരിശോധിക്കുമ്പോൾ അവൻ ക്ഷീണിച്ചു തളർന്ന് പോകുന്നവനാണോ? അതോ ഇയ്യോബിനെപ്പോലെ അവൻ പറയുമോ, " അവൻ എന്നെ കൊന്നാലും ഞാൻ അവനിൽ ആശ്രയിക്കും. അവൻ എന്റെ വചനം അന്വേഷിച്ചു രാവും പകലും അത് ധ്യാനിക്കുമോ, ഇയ്യോബ്. 1:8 പ്രകാരം എന്റെ വചനം പ്രമാണിച്ച് അതിൽ നിലനില്ക്കുമോ?

" എനിക്കായി കാത്തിരിക്കുമോ, എന്റെ ആലോചന പ്രകാരം നടന്ന് എന്റെ ആത്മാവ് നടത്തുന്നതുപോലെ എല്ലാറ്റിലും എന്നെ അനുസരിക്കുമോ? അതോ കുതിരയെപ്പോലെ, കോവർ കഴുതയെപ്പോലെ തന്നിഷ്ടക്കാരനായി, കടിഞ്ഞാണും, മുഖപ്പട്ടയും വേണ്ടി വരുമോ, എനിക്ക് ഉപയോഗിപ്പാൻ കഴിയാതെ വരുമോ? അവൻ മനുഷ്യനെ പ്രസാദിപ്പിക്കുന്നവൻ ആകാതെ നേരം പോക്കുകാരനായി കാണപ്പെടാതെ, ആത്യന്തികമായി, എന്റെ ദൈവത്തിന്റെ മഹത്വം മതി, എന്നു പറയുന്ന വേലക്കാരനായിരിക്കുമോ? അവൻ വചനം പ്രസംഗിക്കുമോ, സമയത്തും അസമയത്തും ഒരുങ്ങിയിരിക്കുമോ? അവന്റെ ഹൃദയം താഴ്മയുള്ളതായിരിക്കുമോ?

❖

സ്ഥിരമായുള്ളതും നിർബ്ബന്ധവുമായ വിശുദ്ധ ജീവിതം

By Oswald Chambers

" സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ. നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തൻ ആകുന്നു; അവൻ അത് നിവർത്തിക്കും" (1തെസ്സ. 5:23,24).

വിശുദ്ധീകരണത്തിനു വേണ്ടി പ്രാർത്ഥിക്കുമ്പോൾ, വചനത്തിനനുസരണമായി നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ? നാം വിശുദ്ധീകരണം എന്ന പ്രയോഗം വളരെ ലളിതമായിട്ടാണ് എടുക്കുന്നത്. ആ വിശുദ്ധീകരണത്തിനുവേണ്ടി തയ്യാറെടുക്കുവാൻ നിങ്ങൾ വില കൊടുക്കുമോ? ഭൂമിയിലുള്ള നമ്മുടെ ഇടുങ്ങിയ ചിന്താഗതിയിൽ നിന്നും കടുത്ത വില കൊടുത്ത് ദൈവത്തിങ്കലേയ്ക്ക് അടുത്ത് വരേണ്ടതാണ്. വിശുദ്ധീകരണം എന്നത് ദൈവത്തിന്റെ ശ്രദ്ധാകേന്ദ്രം, അതിലേക്ക് നാം ചെല്ലുക എന്നതാണ്. അതിന്റെ അർത്ഥം, ശരീരം, മനസ്സ്, ആത്മാവ് ഇവയുടെ സ്വാധീനം ദൈവത്തിന്റെ ഇഷ്ടത്തിനായി കേന്ദ്രീകരിക്ക എന്നതാണ്. ദൈവം നമ്മിൽ ചെയ്വാൻ ആഗ്രഹിച്ച എല്ലാ പ്രവർത്തികളിലും വേർപെട്ടിട്ട് അതിനായി നാം ഒരുങ്ങിയിട്ടുണ്ടോ? തന്റെ പ്രവൃത്തി നമ്മിൽ പൂർത്തീകരിച്ചശേഷം യേശു ചെയ്തതുപോലെ നമ്മത്തന്നെ ഒരുക്കി ദൈവത്തിനായി വേർപെട്ടിരിക്കുവാൻ നാം തയ്യാറായിട്ടുണ്ടോ? " ഞാൻ അവർക്കു വേണ്ടി എന്നെ തന്നെ വിശുദ്ധീകരിക്കുന്നു " (യോഹ. 17:9). വിശുദ്ധീകരണത്തിന്റെ യഥാർത്ഥ അർത്ഥത്തിലേക്ക് നാം ഇതുവരെ പ്രവേശിച്ചിട്ടില്ല, ദൈവത്തിന്റെ നിലവരത്തിലേക്ക് നാം അടുത്തു ചെല്ലേണ്ടതുണ്ട്. വിശുദ്ധീകരണം എന്നത് ഒരുവൻ യേശുവിനോട് ചേരുക എന്നത് ദൈവത്തിൽ വ്യാപരിക്കുന്ന തന്റെ സ്വഭാവം നമ്മെ ഭരിക്കുന്നു എന്നതാണ്. നാം അതിനു വേണ്ടി വിലകൊടുപ്പാൻ ഒരുക്കമാണോ? ദൈവത്തിന് ഇഷ്ടമില്ലാത്തതായി നമ്മിലുള്ളതോ അതിനെ കണ്ടുപിടിച്ച് അകറ്റുകയാണ് വേണ്ടത്.

അപ്പോസ്തലനായ പൗലൊസിന്റെ പ്രാർത്ഥന പോലെ മൂന്നാം സ്വർഗ്ഗത്തോളം എടുത്തുകൊള്ളപ്പെടുവാൻ നാം ഒരുങ്ങിയിട്ടുണ്ടോ? ഇങ്ങനെ പറയുവാൻ തക്കവണ്ണം നാം ഒരുങ്ങിയിട്ടുണ്ടോ? കർത്താവേ, അവിടുന്ന് ഒരു പാപിയെ അവന്റെ പാപത്തിൽ നിന്നും രക്ഷിക്കുന്നതുപോലെ എന്നെ വിശുദ്ധീകരിക്കേണമേ". യേശു പ്രാർത്ഥിച്ചത്, നാം ഒന്നായിരിക്കുന്നതുപോലെ ഒന്നായി ചേർന്നു, പൂർണ്ണ സ്വാതന്ത്ര്യം പ്രാപിച്ച് അവിടുത്തേയ്ക്ക് ഇഷ്ടമില്ലാത്തതിനോട് അകന്നു കൊള്ളേണ്ടതാകുന്നു. പരിശുദ്ധാത്മാവിന് പ്രവർത്തിക്കുവാൻ നാം നമ്മെത്തന്നെ ഒരുക്കിയിട്ടുണ്ടോ?

വിശുദ്ധിയുടെ മനോഹാരിത

പത്രോസ് പറയുന്നു, " മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെമേൽ ആവസിക്കുന്നുവല്ലോ". (1പത്രൊ. 4:14). പല പ്രാർത്ഥനകൾക്കും നമുക്ക് ലഭിക്കാതിരിക്കുന്നുവോ? എവിടെ നിന്നാണ് ഈ മഹത്വം നമുക്ക് ലഭിക്കുന്നത്? എങ്ങനെയാണ് നാം ഇതിനെ പ്രതിഫലിപ്പിക്കുന്നത്? പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കാറുണ്ട്. അതുകൊണ്ടു അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്ക് അറിയിച്ചു തരും (യോഹ. 16:15).

മോശെ പ്രാർത്ഥിച്ചപ്പോൾ, " ഞാൻ പ്രാർത്ഥിക്കുന്നു. നിന്റെ മഹത്വം എന്നെ കാണിക്കേണമേ", താൻ പ്രാർത്ഥിച്ചാൽ ചിലത് കണ്ടു എന്നു മാത്രമല്ല, ആ മഹത്വത്തെക്കുറിച്ചു സാക്ഷ്യം പറഞ്ഞിരിക്കുന്നു, അവൻ തന്നേ സംസാരിച്ചതുനിമിത്തം തന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു. (പുറ. 34:29), (പുറ. 33:18). ഞങ്ങൾ നോക്കിയപ്പോൾ, "യേശുക്രിസ്തുവിന്റെ മുഖത്തുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു. അവിടുത്തെ മഹത്വത്തിന്റെ പ്രകാശത്തിന്റെ സ്പുരണം ഞങ്ങൾ കണ്ടു എന്നു മാത്രമല്ല ഞങ്ങൾക്ക് ചിലത് പ്രാപിക്കാനും കഴിഞ്ഞു.

ഞങ്ങൾ മനസ്സുയർത്തി ജീവനുള്ള ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ വിശുദ്ധിയുടെ മനോഹാരിത, ഒരു പുഷ്പം മനോഹരമായിരിക്കുന്നതുപോലെ പകൽ വെളിച്ചത്തിൽ അതി മനോഹരമായിരിക്കുന്നു. ❖

(2-ാം പേജിന്റെ തുടർച്ച)

ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെട്ടു

ചില കാര്യങ്ങളെ ഒഴിവാക്കുന്നു; എന്നാൽ ദൈവം അതിനെ ഉപയോഗിക്കാൻ വേണ്ടി നമ്മെ ശുദ്ധീകരിക്കുന്നു. വിശുദ്ധീകരണമില്ലാതെ ധിക്കാരപരമായി അതിലേയ്ക്ക് ചുവടുവയ്ക്കുവാൻ നമുക്കു സാദ്ധ്യമല്ല. അതുകൊണ്ട് നമ്മുടെ കഷ്ടതകളെ ജീവിതത്തിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് വിശുദ്ധിയിലേക്കുള്ള പരിശീലന കളരിയായി നാം കണക്കാക്കി മുന്നേറുക. സെഖര്യാവു 13:9-ൽ പറയുന്നു, "മൂന്നിൽ ഒരംശം ഞാൻ തീയിൽ കൂടി കടത്തി വെള്ളി ഊതിക്കഴിക്കുന്നതുപോലെ അവരെ ഊതിക്കഴിക്കും; അവർ എന്റെ നാമത്തെ വിളിച്ചപേക്ഷിക്കയും ഞാൻ അവർക്കു ഉത്തരമരുളുകയും ചെയ്യും; അവർ എന്റെ ജനം എന്ന് ഞാൻ പറയും; യഹോവ എന്റെ ദൈവം എന്ന് അവരും പറയും". തീയിൽ കൂടി നടക്കുവാൻ നമുക്ക് മനസ്സില്ലെങ്കിൽ അവിടുന്ന് വിശുദ്ധൻ ആയിരിക്കുന്നതുപോലെ വിശുദ്ധരായിരിപ്പാൻ നമുക്ക് കഴിയുകയില്ല.

പ്രാർത്ഥന: പിതാവേ, ഞാൻ യഥാർത്ഥമായി വിശ്വസ്തനായിരിക്കുന്നു എങ്കിൽ ഞാൻ അച്ചടക്കം ഇഷ്ടപ്പെടുന്നില്ല, ഞാൻ ഒരിക്കലും കഷ്ടത തെരഞ്ഞെടുക്കുന്നില്ല, ഇത് സ്വാർത്ഥമോഹങ്ങളെ ആശ്രയിച്ചിരിക്കുന്നു എങ്കിൽ സുഖകരമല്ലാത്ത കാര്യങ്ങളെ ഞാൻ ഒഴിവാക്കുന്നു. എന്നാൽ ഈ കാര്യങ്ങൾ എന്റെ ജീവിതയാത്രയുടെ ഭാഗ്യമല്ല എന്നും ഒരു പക്വതയില്ലാത്ത ശക്തിയില്ലാത്ത വിശ്വാസിയായിരിക്കാതെ വിശുദ്ധിയിൽ വളരുന്ന, രാജ്യങ്ങളെ ഇളക്കി മറിക്കുന്ന യേശുവിന്റെ സാക്ഷിയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്റെ കല്പനകൾ അനുസരിപ്പാനുള്ള ശക്തി എനിക്ക് നൽകേണമേ, എന്റെ കഷ്ടതയുടെ നടുവിൽ അവിടുന്ന് എനിക്കുവേണ്ടി ഉണ്ട്, ശുദ്ധീകരിക്കുന്ന അഗ്നിയുടെ അനുഭവത്തിലേക്ക് എന്നെ ഏല്പിക്കുവാൻ അങ്ങ് വിശുദ്ധനായിരിക്കുന്നതുപോലെ വിശുദ്ധനായിത്തീരുവാൻ സമർപ്പണമുള്ള ഒരു ജീവിതം അടിയനു നൽകേണമേ. അടിയന്റെ മേൽ പ്രകാശിച്ച് വിശുദ്ധീകരിക്കേണമേ, പരിശുദ്ധ ദൈവമേ!

നീതി വിശുദ്ധിയിലേക്ക് നടത്തുന്നു.

നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ച് നീതിക്ക് ദാസന്മാരായി തീർന്നതുകൊണ്ട് ദൈവത്തിന് സ്തോത്രം. നിങ്ങളുടെ ജഡത്തിന്റെ ബല ഹീനത നിമിത്തം ഞാൻ മാനുഷിക രീതിയിൽ പറയുന്നു, "നിങ്ങളുടെ അവയവങ്ങളെ അധർമ്മത്തിനും അശുദ്ധിക്കും അടിമകളാക്കി സമർപ്പിച്ചതുപോലെ ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ വിശുദ്ധീകരണത്തിനായി നീതിക്ക് അടിമകളാക്കി സമർപ്പിപ്പിൻ" (റോമ. 6:18,19). പ്രകൃത്യാ ഞങ്ങൾ അശക്തരാണ്. നമ്മുടെ ചുറ്റുപാടുമുള്ള അവിശുദ്ധകൂട്ടുകെട്ടുകളിൽ നിന്നും ദൈവഭക്തിയില്ലാത്ത ചുറ്റുപാടിൽ നിന്നും നമ്മെ തന്നെ സൂക്ഷിച്ചുകൊള്ളേണ്ടതാണ്. പാപത്തിൽ നിന്നും അതിന്റെ ഫലമായ മരണത്തിൽ നിന്നും യേശു നമ്മെ സ്വതന്ത്രരാക്കി, എങ്കിലും ഇരുട്ടിന്റെ ദുഷ്പ്രവർത്തികളിൽ കുടുങ്ങി പരീക്ഷകളിലും ഭയങ്ങളിലും അകപ്പെട്ടിരിക്കുന്നു. പ്രാർത്ഥനയിലും നീതിയുടെ കൂട്ടുകെട്ടുകളിലും ശക്തന്മാരാക്കി നമ്മെ മുഴുവൻ സൂക്ഷിക്കുന്നു.

പ്രാർത്ഥന: കർത്താവായ യേശുവേ, പാപത്തിൽ നിന്നും അവിടുന്ന് എന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു, അവിടുത്തെ നീതി എനിക്ക് സ്വന്തമായിരിക്കുന്നു. ലോകത്തിന്റെ പരീക്ഷകളിൽ നിന്ന് വേർപ്പെട്ട് വിശുദ്ധിയുടെ വഴി തെരഞ്ഞെടുക്കുവാൻ ആവശ്യമായ ശക്തി എനിക്ക് നൽകേണമേ. ദുഷ്ടൻ നിന്റെ രാജ്യത്തിന്റെ ഉദ്ദേശങ്ങളിൽ എന്നെ വേർപ്പെടുത്തി പാപത്തിലേക്ക് എന്നെ വശീകരിക്കുവാൻ ശ്രമിക്കുമ്പോൾ എന്റെ ആത്മാവിൽ ഒരു ശക്തമായ ഇടപെടൽ നിരന്തരമായി ഉണ്ടായിരിക്കേണമേ. എന്നിൽ പ്രകാശിച്ച് എന്നെ വിശുദ്ധീകരിക്കേണമേ പരിശുദ്ധ ദൈവമേ.

പൂർണ്ണമായ വിശുദ്ധി: "പ്രിയമുള്ളവരെ ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ടു നാം ജഡത്തിലേയും ആത്മാവിലേയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക". (2കൊരി. 7:1). ഈ നിമിഷം വരെയും നാം ഓരോരുത്തരും മലിനതകളിൽ കുടുങ്ങി ആയിരിക്കുന്നു എങ്കിലും നമ്മുടെ ആഗ്രഹം വിശുദ്ധരായിരിക്കുവാനാണ്. ഹൃദയത്തിന്റെ നിഷ്കളങ്കതയോടെ നമുക്ക് നടക്കുവാൻ സാധ്യമല്ല. ഇരുട്ടത്രേ നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നത്.

പ്രാർത്ഥന: പരിശുദ്ധ ദൈവമേ, ശരീരത്തേയും ആത്മാവിനേയും മലിനപ്പെടുത്തുന്ന സംഗതികളിൽ നിന്നും എങ്ങനെ എന്നെ തന്നെ വിശുദ്ധീകരിക്കാം എന്ന് എന്നെ കാണിക്കേണമേ. അങ്ങയുടെ വിശുദ്ധിയുടെ മനോഹാരിതയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് എന്നെത്തന്നെ കാക്കുവാൻ എന്നെ സഹായിക്കണമേ. എന്റെ സ്വന്തം ചിന്തകളാലും പ്രവർത്തികളാലും ഞാൻ അഹങ്കരിച്ച് ജീവിക്കുന്ന എന്റെ അനുഭവത്തിൽ നിന്നും വേർപ്പെട്ട് യേശുവിനെ മാത്രം നോക്കി ജീവിക്കുവാനുള്ള ശക്തി എനിക്ക് നൽകുമാറാകേണമേ. വിശുദ്ധിയുടെ പൂർണ്ണതയിലേയ്ക്കുള്ള വഴി എനിക്ക് കാണിച്ചുതരേണമേ. എന്റെ മേൽ പ്രകാശിച്ച് എന്നെ വിശുദ്ധീകരിക്കേണമേ, പരിശുദ്ധദൈവമേ.

എ.ഡബ്ല്യു. ടോസർ സമ്പൂർണ്ണ വിശുദ്ധീകരണത്തെക്കുറിച്ച് പറയുന്നത്, വിശുദ്ധി എന്നത് വേദപുസ്തകം പഠിപ്പിക്കുന്നത്, നമ്മുടെ അറിവിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടതല്ല, പിന്നെയോ, യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ അടിസ്ഥാനപ്പെട്ട് യേശുക്രിസ്തു നമ്മുടെ അകത്ത് വസിച്ചുകൊണ്ട്, നമ്മെ രൂപാന്തരപ്പെടുത്തി, തന്നെപ്പോലെ ആക്കിത്തീർക്കുന്ന ദൈവപ്രവൃത്തിയാണത്.

ദൈവത്തിന്റെ സാന്നിദ്ധ്യം നമ്മിൽ പ്രവർത്തിക്കുവാൻ നമ്മെ അനുവദിച്ച് അത് ജീവിതത്തിൽ പ്രവർത്തിച്ച് നമ്മെ രൂപാന്തരപ്പെടുത്തി നമ്മുടെ അകവും പുറവും ഒരു പോലെ വ്യത്യാസപ്പെടുത്തുന്നു. ദൈവത്തിന്റെ വിശുദ്ധി നമ്മുടെ ജീവിതത്തിലുടനീളം വ്യാപരിച്ച് നമ്മുടെ മുഖം ദൈവമഹത്വത്താൽ നിറഞ്ഞ് നമ്മുടെ മുഖം ശോഭിക്കുന്നു. നാം ഓരോരുത്തരും വിശുദ്ധീകരിക്കപ്പെട്ട് തന്റെ രാജ്യത്തിന്റെ മഹത്വത്തിനായി തീരുമാറാകട്ടെ! ❖

ക്രിസ്തു നമ്മുടെ വിശുദ്ധീകരണം

By Andrew Murray

അവിടുന്ന് ക്രിസ്തുവാണ്, ,സർവ്വശക്തിയുള്ള ദൈവത്തിന്റെ സ്വന്തം ഒരു പ്രവൃത്തി അവിടെ, ക്രിസ്തുവിൽ, ദൈവം താൻ സ്ഥാപിച്ചു ഉറപ്പിച്ചു അവസാനം വരെ കാക്കും. അവിടുന്ന് എല്ലാറ്റിനും മീതെ ഒരത്ഭുതമാണ്, നിങ്ങളിലുള്ള പരിശുദ്ധാത്മാവ് തന്നെ അറിയുവാൻ,. വിശ്വസിക്കുവാൻ, സ്വീകരിക്കുവാൻ എല്ലാം ക്രിസ്തുവിൽ നിങ്ങൾക്കു വേണ്ടി ജീവിക്കുന്നു. എന്നിൽ ജ്ഞാനമില്ല, വിശുദ്ധിക്കുവേണ്ടിയുള്ള ശക്തിയില്ല എന്ന് ഞാൻ ഏറ്റു പറയും, എന്നിൽ ഏതുമില്ല, ക്രിസ്തുവിനെ, അവിടുത്തെ ജ്ഞാനത്തെ, ദൈവശക്തിയെ, നിങ്ങളിലുള്ള ആത്മാവിനാൽ നയിച്ച്, പൂർണ്ണമായി, എത്രവിശ്വസ്തതയോടെ എത്രശക്തിയോടെ നിങ്ങളെ വിശുദ്ധീകരിക്കുവാൻ അവിടുത്തേയ്ക്ക് കഴിയും, തന്റെ മഹത്വത്തിനായി സകലവും ചെയ്യും. ❖

നിന്റെ സർവ്വശക്തിയോടും കൂടെ

“ ചെയ്വാൻ നിനക്ക് സംഗതി വരുന്നതൊക്കെയും ശക്തിയോടെ ചെയ്യുക ” (സഭാ. പ്ര. 9:10).

ദൈവം നിങ്ങൾക്കു വേണ്ടി ചെയ്യുവാനാഗ്രഹിക്കുന്ന പ്രവർത്തിക്കുവേണ്ടി നിങ്ങളെ സ്വതന്ത്രരാക്കുക. അവിടുത്തെ ഇഷ്ടം ചെയ്യുവാൻ നിങ്ങളെ ഏല് പിച്ചു കൊൾക. എല്ലാ ബുദ്ധിശക്തി യും പ്രയോഗിക്കുക. നിങ്ങൾക്കുള്ള എല്ലാ ഊർജ്ജവും ഉപയോഗിക്കുക; നിങ്ങളുടെ ശരീരത്തിന്റെ ശക്തി പ്രയോജനപ്പെടുത്തുക; പൂർണ്ണഹൃദയത്തോടെ ചെയ്യുക; നിങ്ങളുടെ രക്തം ഇതിനായി പ്രയോജനപ്പെടുത്താം; നിങ്ങളുടെ വ്യക്തിത്വം ഇതിനായി ഉപയോഗിക്കാം. നിങ്ങളുടെ പണം ഇതനുവേണ്ടി ഉപയോഗിക്കാം.

ഒരു തടസ്സവും കൂടാതെ നിങ്ങളെ തന്നെ സ്വതന്ത്രരാക്കി പൂർണ്ണ ശ്രദ്ധ കേന്ദ്രീകരിച്ച് കർത്താവ് നിങ്ങളിലൂടെ ചെ യ്യുവാൻ ആഗ്രഹിക്കുന്നതിനെ ചെയ്തെടുത്തു. അതാണ് ദൈവവചനം പറയുന്നത്: ദൈവം നിന്നിലൂടെ ചെയ്യുവാൻ ആഗ്രഹിക്കുന്ന പ്രവൃത്തിയെ പൂർണ്ണ ശക്തിയോടെ ചെയ്യുക. ❖

കാത്തിരിക്ക, ഒരുങ്ങിയിരിക്ക

By Lois J. Stucky

കർത്താവായ യേശുക്രിസ്തു ബത്ലഹേമിൽ ഒരു കുഞ്ഞാടായി കടന്നു വന്നു, അവിടുന്ന്, മേഘത്തിൽ മഹത്വത്തോടെ വീണ്ടും വരും! (ലൂക്കൊ. 21:27). ഹന്നയെയും ശിമെയോനെയും ഒർക്കുക അവർ കർത്താവിന്റെ ഒന്നാം വരവിനായി കാത്തിരുന്നു. വർഷങ്ങൾ വാഗ്ദത്തത്തിനായി അവർ കാത്തിരുന്നു. പ്രതീക്ഷയോടെ ഉപവാസത്തോടും പ്രാർത്ഥനയോടും ഒരു പക്ഷേ കണ്ണീരോടും കൂടെ കാത്തിരുന്നു. അപ്പോൾ ക്രിസ്തു എന്ന രക്ഷിതാവ് ഭൂമിയിലേക്ക് വന്നു. ഒടുവിൽ അതെ ഒടുവിൽ, രണ്ട് പരീക്ഷകൾക്കൊടുവിൽ അവരുടെ കണ്ണുകൾക്ക് ആ ഭാഗ്യമുണ്ടായി, അവരുടെയിടയിൽ വാഗ്ദത്ത മശിഹായെ അംഗീകരിച്ചു, പ്രസിദ്ധപ്പെടുത്തി, അവരുടെയിടയിൽ വാഗ്ദത്ത മശിഹായെ ചേർത്തുകൊൾവാൻ അവർക്കു ഭാഗ്യമുണ്ടായി. എന്ത് പ്രതിഫലം, എത്രആനന്ദമാണവരുടെ ജീവിതം! (ലൂക്കൊ. 2:21-28).

കാലങ്ങളായി ഇന്നുവരെ, കരഞ്ഞും പ്രാർത്ഥിച്ചും കാത്തിരിക്കുന്നു, ഒരുങ്ങി കാത്തിരിക്കുന്നു, വഴിയൊരുക്കി കാത്തിരിക്കുന്നു, കർത്താവു വേഗം വരും! കർത്താവ് വേഗം വരും. അവഗണനകൾ നീങ്ങി പ്രത്യാശയോടെ ആ നല്ല നാളുകൾക്കായി കാത്തിരിക്കുന്നു. എന്നാൽ ഒരു തല മുറ ആ ശബ്ദം കേൾക്കും കാഹളം മുഴങ്ങും പ്രധാനദൂതന്റെ ശബ്ദം കേൾക്കും മഹത്വത്തോടെ പ്രത്യക്ഷനാകുന്ന യേശുവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. (1തെസ്സ. 4:16,17).

ഇതു വായിക്കുന്ന ഏവരുമെ, ഇതിൽ എവിടെയായിരിക്കാം നിങ്ങളുടെ സ്ഥാനം? വിശ്വാസത്തിന് മങ്ങലേറ്റിട്ടുണ്ടോ? ലോകത്തിന്റെ സന്തോഷത്താൽ നിങ്ങളുടെ സ്നേഹം തണുത്തുപോയോ, എന്നാൽ വിശ്വസ്തർ ശുഷ്കാന്തിയോടെ കാത്തിരിക്കുക, ഒരുങ്ങിയിരിക്ക. ❖

(4-ാം പേജിന്റെ തുടർച്ച)

ആൻഡ്രൂസ്റ്റിറെറ്റ്: പൂർണ്ണ അനുസരണവും സമ്പൂർണ്ണ വിശുദ്ധീകരണവും

വിലക്കുന്നതു വരെ ദിവസം രണ്ടുമണിക്കൂർ നടത്തം തുടർന്നു, തന്റെ ശുശ്രൂഷകൾ 83-ാം വയസ്സിൽ താൻ മരിക്കുന്നതുവരെയും വിശ്വസ്തതയോടെ തുടർന്നു വന്നു.

1948 ജൂലൈ 9-ാം തീയതി തന്റെ വിശ്വസ്ത ദാസനെ ദൈവം തന്റെ സന്നിധിയിലേക്ക് വിളിച്ചു ചേർത്തു. 46 വർഷം കർത്താവിനു വേണ്ടി വിശ്വസ്തനായി വിശ്രമമില്ലാതെ ആഫ്രിക്കയിൽ പ്രവർത്തിച്ച സ്റ്റീറെറ്റ് എന്ന ദൈവദാസൻ വിശ്രമത്തിനായി കടന്നുപോയി.

“ എന്റെ ഹൃദയം ശുഭ വചനത്താൽ കവിയുന്നു; എന്റെ കൃതി രാജാവിനു വേണ്ടിയുള്ളതു എന്നു ഞാൻ പറയുന്നു. എന്റെ നാവു സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ ആകുന്നു. നീ മനുഷ്യപുത്രന്മാരിൽ അതി സുന്ദരൻ; ലാവണ്യം നിന്റെ അധരങ്ങളിന്മേൽ പകർന്നിരിക്കുന്നു; അതുകൊണ്ടു ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു. വീരനായുള്ളോവേ, നിന്റെ വാൾ അരെക്കു കെട്ടുക; നിന്റെ തേജസ്സും നിന്റെ മഹിമയും തന്നേ; സത്യവും സൗമ്യതയും നീതിയും പാലിക്കേണ്ടതിനു നീ മഹിമയോടെ കൃതാർത്ഥനായി വാഹനമേറി എഴുന്നള്ളുക; നിന്റെ വലങ്കൈ ഭയങ്കരകാര്യങ്ങളെ നിനക്കുപദേശിച്ചു തരുമാറാകട്ടെ. നിന്റെ അസ്ത്രങ്ങൾ മൂർച്ചയുള്ളവയാകുന്നു; ജാതികൾ നിന്റെ കീഴിൽ വീഴുന്നു; രാജാവിന്റെ ശത്രുക്കളുടെ നെഞ്ചത്തു അവ തറെക്കുന്നു. ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളതാകുന്നു; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോലാകുന്നു. നീ നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്നു; അതുകൊണ്ടു ദൈവം, നിന്റെ ദൈവം തന്നെ, നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലം കൊണ്ടു അഭിഷേകം ചെയ്തിരിക്കുന്നു. നിന്റെ വസ്ത്രമെല്ലാം മൂറും ചന്ദനവും ലവംഗവും കൊണ്ടു സുഗന്ധമായിരിക്കുന്നു; ദന്തമന്ദിരങ്ങളിൽ നിന്നു കമ്പിനാദം നിന്നെ സന്തോഷിപ്പിക്കുന്നു. നിന്റെ സ്ത്രീ രത്നങ്ങളുടെ കൂട്ടത്തിൽ രാജകുമാരികൾ ഉണ്ട്. നിന്റെ വലത്തുഭാഗത്തു രാജ്ഞി ഓഫീർ തങ്കം അണിഞ്ഞു നിൽക്കുന്നു. അല്ലയോ കുമാരീ, കേൾക്ക; നോക്കുക; ചെവി ചായ്ക്ക. സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്ക. അപ്പോൾ രാജാവു നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും; അവൻ നിന്റെ നാഥനല്ലോ; നീ അവനെ നമസ്ക്കരിച്ചുകൊൾക. സോർനിവാസികൾ ജനത്തിലെ ധനവാന്മാർ തന്നേ, കാഴ്ചവെച്ചു നിന്റെ മുഖപ്രസാദം തേടും. അന്ത:പുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു; അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളതു. അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടുവരും; അവളുടെ തോഴിമാരായി കൂടെ നടക്കുന്ന കന്യകമാരെയും നിന്റെ അടുക്കൽ കൊണ്ടുവരും. സന്തോഷത്തോടും ഉല്ലാസത്തോടും കൂടെ അവരെ കൊണ്ടു വരും; അവർ രാജമന്ദിരത്തിൽ പ്രവേശിക്കും. നിന്റെ പുത്രന്മാർ നിന്റെ പിതാക്കന്മാർക്കു പകരം ഇരിക്കും; സർവ്വഭൂമിയിലും നീ അവരെ പ്രഭുക്കന്മാരാക്കും. ഞാൻ നിന്റെ നാമത്തെ എല്ലാ തലമുറകളിലും ഓർക്കുമാറാക്കും. അതുകൊണ്ടു ജാതികൾ എന്നും എന്നേക്കും നിനക്കു സ്തോത്രം ചെയ്യും ”.

സങ്കീർത്തനം 45

❖